നിന്നും ടെന്റർ ക്ഷണിച്ച് ലഭ്യമായ ടെന്ററുകൾ ആർ.സി.സി.യിലെ മുതിർന്ന ഡോക്ടർമാർ അടങ്ങിയ കമ്മിറ്റിയിൽ വിശദമായ ചർച്ചയ്ക്കുശേഷം മരുന്നുകൾ സെലക്ട് ചെയ്യുകയും കമ്പനികളുമായി നെഗോഷ്യേറ്റ് ചെയ്ത് പരമാവധി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്നു. ഈ മരുന്നുകൾ പൊതുവിപണിയിൽ കിട്ടുന്നതിനേക്കാൾ 20% മുതൽ 50% ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് രോഗികൾക്ക് നൽകുന്നു. മലബാർ കാൻസർ സെന്ററിൽ എല്ലാ വർഷവും ടെന്ററുകൾ ക്ഷണിച്ച് അതിൽനിന്നും തെരഞ്ഞെടുക്കുന്ന കമ്പനികളുമായി നെഗോഷ്യേറ്റ് ചെയ്ത് പരമാവധി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വാങ്ങി സംഭരിച്ച് വിവിധവിലയിൽ നിന്നും കുറഞ്ഞ നിരക്കിൽ രോഗികൾക്ക് ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജുകളിൽ എത്തുന്ന കാൻസർ രോഗികൾക്ക് HDC ന്യായവിലാ മെഡിക്കൽ ഷോപ്പുകൾ വഴി കുറഞ്ഞവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജനനീ സുരക്ഷാ യോജന പദ്ധതി

9 (*669) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. ഹംസ :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ജനന നിരക്ക് എത്രയാണ് ; ദേശീയ തലത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ശിശുമരണ നിരക്ക് എത്രയാണ് ; ദേശീയ തലത്തിൽ എത്രയാണ് ;

(ഡി) സുരക്ഷിത മാതൃത്വം എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന 'ജനനീ സുരക്ഷാ യോജന' പദ്ധതിക്കായി കഴിഞ്ഞ വർഷം എത്ര കോടി രൂപ ചെലവായിട്ടുണ്ട് ;

(ഇ) ജനനീ സുരക്ഷാ യോജന പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്ര അമ്മമാർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് ;

(എഫ്) നവജാത ശിശുക്കളുടെ സംരക്ഷണത്തിനായി പരിശീലന പരിപാടികൾ നടത്തുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (കെ. കെ. ശ്രീമതി ടീച്ചർ) :

(എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഫീൽഡുവിഭാഗം ജീവനക്കാർക്കും ഡോക്ടർമാർക്കും വിവിധ തരത്തിലുള്ള ട്രെയിനിംഗുകൾ നടത്തിവരുന്നുണ്ട്. ഫീൽഡു വിഭാഗം ജീവനക്കാരായ ജെ.പി.എച്ച്.എൻ മാരുടെ ഒഴിവുകൾ നികത്തുവാനുള്ള നടപടികൾ കൈക്കൊള്ളുകയും അവർക്ക് അർഹമായ പ്രൊമോഷൻ നടപ്പിൽ വരുത്തുകയും ചെയ്തു. കൂടാതെ ഫീൽഡ് തലത്തിൽ 31,838 ആശാ പ്രവർത്തകരെ നിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2006-07 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച 4.5 കോടി രൂപ ഡബിൾ ബലൂൺ ബ്രോങ്കോസ്കോപ്പ് വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്. 4,40,000-രൂപ ഉപയോഗിച്ച് 92 ബ്രോങ്കോസ്കോപ്പ് മെഷീൻ വാങ്ങി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുന്ന ആശുപത്രികൾക്കായി വിതരണം ചെയ്യുകയുണ്ടായി. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കിയതിന്റെ നേട്ടങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ ജനന നിരക്ക് 14.6-ഉം ദേശീയതലത്തിലെ ജനന നിരക്ക് 22.8-ഉം ആണ്.

(സി) സംസ്ഥാനത്തെ ശിശുമരണ നിരക്ക് 12-ഉം ദേശീയ തലത്തിൽ 53-ഉം ആണ്.

(ഡി) ജനനീ സുരക്ഷാ പദ്ധതിക്കായി 2009-10 സാമ്പത്തിക വർഷത്തിൽ 11.61 കോടി രൂപ ചെലവഴിച്ചു.

(ഇ) ജനനീ സുരക്ഷാ പദ്ധതി പ്രകാരം 2009-10 സാമ്പത്തിക വർഷത്തിൽ 1,34,974 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

(എഫ്) നവജാത ശിശുക്കളുടെ സംരക്ഷണത്തിന് വേണ്ടി സംസ്ഥാനതല ജില്ലാതല പരിശീലനങ്ങൾ ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തകർക്ക് (ഡോക്ടർമാർ, സ്റ്റാഫ് നേഴ്സുമാർ, ആശ വർക്കേഴ്സ്, ഫീൽഡ് സ്റ്റാഫുകൾ) ഇൻഡ്യൻ അക്കാഡമി ഓഫ് പീഡിയാട്രീഷ്യൻസ് (IAP) വഴി എൻ.ആർ.എച്ച്.എം. നൽകിവരുന്നു.

ഗ്രാമീണ സേവനം

10 (*670) ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഡോക്ടർമാർക്ക് ഗ്രാമീണ സേവനം നിർബന്ധമാക്കിയിട്ടുണ്ടോ ;

(സി) ഗ്രാമീണ സേവനത്തിന് ഡോക്ടർമാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) സംവരണ മെഡിക്കൽ കോളേജുകളിൽ പഠനം പൂർത്തിയായവർക്ക് നിർബന്ധിത ഗ്രാമീണ സേവനം നടപ്പാക്കിയിട്ടുണ്ടോ ;

(ഇ) ഗ്രാമീണ മേഖലയിൽ ഇപ്പോൾ ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly